## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 75 **28.05.2019-** ൽ മറുപടിക്ക്

## ഭൂവിനിയോഗത്തിന്റെ ആസൂത്രണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം.സ്വരാജ് | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) നവകേരളനിർമ്മാണത്തിന്റെ ഭാഗമായി ഭൂവിനിയോഗത്തിന്റെ ആസൂത്രണത്തിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ; | നവകേരള സൃഷ്ടി ലക്ഷ്യമിട്ടുള്ള പ്രളയാനന്തര കേരള പുനർനിർമാണത്തിന്റെ ഭാഗമായി ഭൂവിനിയോഗ ആസൂത്രണം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള വിവിധ നടപടികൾ പല തലങ്ങളിൽ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി, 2016 ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് പുതുക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങളുടെ ആസൂത്രണം, ബഡ്ജറ്റ്, ചെലവ് എന്നിവ സംബന്ധിച്ച മാർഗനിർദേശങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിനുമായി തദ്ദേശ സ്വയംഭരണ അഡീഷണൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി എട്ടംഗ സംസ്ഥാനതല സമിതി രൂപീകരിച്ചു. പ്രസ്തുത സമിതിയെ സഹായിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്കായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഉന്നതാധികാര സമിതി |

അംഗം ശ്രീ. ടി.കെ.എ. നായർ അധ്യക്ഷനായി 12 അംഗ ഉപ പ്രവർത്തക സമിതിയും രൂപീകരിച്ചു. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്ഥാപനതലത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളെയും ദുരന്ത സാധ്യത മേഖലകളെയും കണ്ടെത്തുന്നതിനും അവിടെയുള്ള വികസന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിനും ഉതകുന്ന തരത്തിൽ interim Local Development Plan കൾ തയ്യാറാക്കുന്നതിനുള്ള രീതിശാസ്ത്രത്തിന്റെ കരട് നഗര-ഗ്രാമാസൂത്രണ വകുപ്പ്, ആസൂത്രണ ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. National Disaster Management Authority എന്ന സ്ഥാപനം 2012-ൽ തയ്യാറാക്കിയ Toolkit for Urban Planning, State Disaster Management Plan 2016, District level Disaster Management Plan, national Disaster Management Guidelines എന്നിങ്ങനെ ദുരന്ത കാലാവസ്ഥ വ്യതിയാന സംബന്ധമായ മാർഗ്ഗരേഖകളിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പരിശോധിക്കുന്നതും ആവശ്യമായ മാറ്റങ്ങൾ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഉൾക്കൊള്ളിക്കുന്നതും പരിഗണനയിലുണ്ട്. നഗര-ഗ്രാമാസൂത്രണ വകുപ്പ് നിലവിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്ന മാസ്റ്റർ പ്ലാനുകളിൽ

| | | | |
|---|---|---|---|
| | | | മേൽ പരാമർശിച്ചതിനനുസൃതമായി വ്യവസ്ഥകൾ രൂപപ്പെടുത്തുന്നതും പരിഗണനയിലുണ്ട്. |
| (ബി)<br><br><br><br><br><br><br>(സി) | ഇതിന്റെ ഭാഗമായി നീർത്തടസംരക്ഷണത്തിനും മഴവെള്ളസംഭരണത്തിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;<br><br>ഭൂവിനിയോഗത്തിൽ വീടുകൾ നിർമ്മിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ബി) & (സി) | പ്രളയദുരന്തത്തിൽനിന്നുള്ള അതിജീവനം എന്നത് ഒരു വെല്ലുവിളിയായി കണ്ട്, ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്ന വിധം കരുത്തോടെ കേരളത്തെ പുനർനിർമിക്കുക എന്ന വിശാലമായ കാഴ്ചപ്പാടോടെയാണ് കേരള പുനർനിർമാണ വികസനപരിപാടി (RKDP) രൂപപ്പെടുത്തിയിട്ടുള്ളത്.<br>അതിജീവനക്ഷമതയുള്ളതും പരിസ്ഥിതി സൗഹൃദവുമായ രീതിയിൽ പുനർനിർമാണം നടത്തുന്നതിനുള്ള നിർദേശങ്ങളടങ്ങിയ രേഖയാണ് RKDP. അനിയന്ത്രിതമായ നഗരവത്കരണത്തിന്റെ ഫലമായി നെൽവയലുകൾക്കും തണ്ണീർത്തടങ്ങൾക്കും ഉണ്ടാകുന്ന നാശം തടയാനാകുന്ന തരത്തിൽ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിന് RKDP യിൽ നിർദേശമുണ്ട്.<br>ഈ നിയമത്തിലും മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് ഭൂഗർഭജല പോഷണ സംവിധാനത്തിനും മഴവെള്ള സംരക്ഷണത്തിനും 1999-ലെ കേരള |

മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം അദ്ധ്യായം XVI-A -ലെ ചട്ടം 109-A, 109-B എന്നിവയിലും 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം അദ്ധ്യായം XVI-ലെ ചട്ടം 101, 102 എന്നിവയിലും നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പുനർനിർമാണ പ്രവർത്തനങ്ങൾ രൂപപ്പെടുത്തിവരുന്നു.

നഗര-ഗ്രാമാസൂത്രണ വകുപ്പ് നിലവിൽ തയ്യാറാക്കുന്ന മാസ്റ്റർ പ്ലാനുകളിൽ പരിസ്ഥിതി ലോല പ്രദേശങ്ങൾ (തീരദേശം, കണ്ടൽ കാടുകൾ, കാവുകൾ, ജലാശയങ്ങൾ, തണ്ണീർത്തടങ്ങൾ, നെൽവയലുകൾ മുതലായവ) സംബന്ധിച്ച പഠനങ്ങൾ ഉൾക്കൊള്ളിക്കുന്നുണ്ട്. കൂടാതെ ദുരന്തങ്ങളും ദുരന്തസാധ്യതകളും പഠന വിഷയമാകുന്നുണ്ട്. മാസ്റ്റർ പ്ലാനിന്റെ നിർദ്ദിഷ്ട ഭൂവിനിയോഗ മാപ്പുകളിൽ ഇങ്ങനെയുള്ള പ്രദേശങ്ങളിൽ നിർമാണനിയന്ത്രണം നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ